# ഉണർവ്

## അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 – 2026

ഹൈസ്കൂൾ &
യു.പി. വിഭാഗം

## എസ്.വി.എം.എം.എച്ച്.എസ്.എസ്.
## വെണ്ടാർ

കുളക്കട സബ്ജില്ല

## അക്കാദമിക് മാസ്റ്റർപ്ലാൻ
## മലയാളം (ഹൈസ്കൂൾ വിഭാഗം)

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ | ചുമതല |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിച്ചുകൊണ്ട് എല്ലാ കുട്ടികൾക്കും മലയാളം എഴുതാനും വായിക്കാനും ശേഷീവികസനം | 1. പ്രീ-ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. ചിഹ്നം ഉറപ്പിക്കൽ<br>4. പദനിർമ്മാണം<br>5. വാക്യനിർമ്മാണം<br>6. ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്.<br>7. ചിത്രങ്ങൾ നൽകി വാക്കുകൾ, ആശയങ്ങൾ എന്നിവ എഴുതിക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്തംബർ | ചിത്രങ്ങൾ<br>ഐ.സി.ടി.<br>ചാർട്ട്<br>വർക്ക്ഷീറ്റുകൾ<br>പത്ര കട്ടിംഗ്സുകൾ | പി.ടി.എ.<br>ബി.ആർ.സി.<br>അധ്യാപകർ | മലയാളം അധ്യാപകർ |
| 2 | സ്വതന്ത്ര്യവായന പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ രൂപീകരിക്കുക. | 1. മൃഗങ്ങളെയും പക്ഷികളെയും കഥാപാത്രങ്ങളാക്കിക്കൊണ്ട് അവർ പറയാനിടയുള്ള സാങ്കൽപ്പിക സംഭാഷണങ്ങൾ നൽകിക്കൊണ്ട് അവയ്ക്ക് യോജിച്ച ചിത്രമേത് എന്ന് കണ്ടെത്താനാവശ്യപ്പെടുന്നു.<br>2. ക്ലാസ് വായനക്കൂട്ടം രൂപീകരി | 1 വർഷക്കാലം | പത്രങ്ങൾ<br>വായനയ്ക്കുള്ള ചിത്രകഥകൾ<br>ബാലമാസികകൾ<br>ക്ലാസ്തല | | |

| | | | | | | |
|---|---|---|---|---|---|---|
| | | ക്കൽ.<br>3. ക്ലാസ് ലൈബ്രറി പ്രവർത്തന ങ്ങൾ | | ലൈബ്രറി | | |
| 3 | പത്രവായനയിലൂടെ സാമൂഹികബോധം കൈവരിക്കുക | • ജന്മദിനപുസ്തകം<br>• പത്രവായന<br>• വായനാക്കുറിപ്പ് പതിപ്പാക്കുക.<br>• പുസ്തക ചർച്ച | ഒക്ടോബർ<br>നവംബർ | പുസ്തകങ്ങൾ<br>ചാർട്ടുകൾ<br>ലൈബ്രറി<br>ഐ.സി.ടി.<br>വർക്ക് ഷീറ്റുകൾ<br>ക്ലാസ് ലൈബ്രറി | എസ്.ആർ.ജി.<br>മലയാളം അധ്യാപകർ<br>വിദ്യാരംഗം<br>റിസോഴ്സ് അധ്യാപകർ | അധ്യാപകർ |
| 4 | സർഗ്ഗശേഷീവികസനം കൈവരിച്ച ഭാഷാശേഷികളിലൂടെ വിവിധ സാഹിത്യരൂപങ്ങളും വ്യവഹാര രൂപങ്ങളും സൃഷ്ടിക്കാനുള്ള ശേഷി നേടുന്നതിന് | • വായനാനുഭവം പങ്കുവെക്കൽ<br>• സാഹിത്യക്വിസ്<br>• കവിതാലാപന മത്സരം<br>• പുസ്തക ചർച്ച<br>• പുസ്തകാസ്വാദനം<br>• അമ്മാർക്ക് പുസ്തകം<br>• ഇ.വായന<br>• ചിത്രവായന<br>• മഹാന്മാർ, സാമൂഹ്യ പരിഷ്കർത്താക്കൾ, കവികൾ, കഥാകാരന്മാർ എന്നിവരെ പരിചയപ്പെടുത്തുന്ന ചിത്ര | ഒരു വർഷക്കാലം | | | |

| | | | | | | |
|---|---|---|---|---|---|---|
| | | ങ്ങൾ ഐ.സി.ടി. സാധ്യത കൾ. | | | | |
| | | • പുതിയ പുസ്തകങ്ങളിലെ കഥകളും കവിതകളും ഓഡി യോ, വീഡിയോ ഉപയോഗിച്ച് കേൾപ്പിക്കുകയും കാണിക്കു കയും ചെയ്യുന്നു.<br>• ഇപ്രകാരം കുട്ടികൾക്ക് കഥക ളോടും കവിതകളോടും ആഭി മുഖ്യവും പുതിയ പുസ്തക ങ്ങളോട് ആഭിമുഖ്യവും താൽപര്യവും ഉണ്ടാകുന്നു. | ഡിസംബർ ജനുവരി 1 വർഷ ക്കാലം | പുതിയ പുസ്തക ങ്ങൾ ഓഡിയോ ഐ.സി.ടി. ഭാഷാ കേളി കൾക്കുള്ള വർക്ക്ഷീറ്റ് | മലയാളം അധ്യാപ കർ റിസോഴ്സ് ടീച്ചർ എച്ച്.എം. എസ്.ആർ. ജി. വിദ്യാരംഗം ശ്രദ്ധ പി.ടി.എ. | മല യാലം അധ്യാപ കർ |
| | ലൈബ്രറികൾ പരമാവധി പ്രയോജനപ്പെടുത്തി മികച്ച രീതിയിൽ എഴുതുകയും വായിക്കുകയും ചെയ്യുക | • എഴുത്തുകൂട്ട രൂപീകരണം.<br>• ക്ലാസ് ലൈബ്രറി പരിഷ്ക രണം<br>• വായനാക്കുറിപ്പ് പതിപ്പാക്കൽ<br>• സഞ്ചരിക്കുന്ന പുസ്തകം<br>• വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>• ചിത്രഗ്യാലറി<br>• ആസ്വാദനക്കുറിപ്പ്<br>• വ്യക്തിഗത രചന പതിപ്പാ ക്കൽ | 1 വർഷ ക്കാലം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി വായനാ മൂല | വിദ്യാരംഗം കലാസാ ഹിത്യവേദി പി.ടി.എ. മലയാളം അധ്യാപ കർ എച്ച്.എം. റിസോഴ്സ് അധ്യാപ | വിദ്യാ രംഗം ശ്രദ്ധ മലയാളം അധ്യാപ കർ |

| | | | | | | |
|---|---|---|---|---|---|---|
| | | • പുസ്തകചർച്ച | | | കർ | |
| 5 | ഭാഷാശേഷി വികസനത്തി നായി ആധുനിക സാങ്കേ തിക വിദ്യാ സാധ്യതകൾ (ഐ.സി.ടി.) പരമാവധി പ്രയോജനപ്പെടുത്തുക | • പുതിയ പുസ്തകങ്ങൾ ഐ. സി.ടി. സാധ്യതയുപയോഗിച്ച് പരിചയപ്പെടുത്തുന്നു.<br>• കുട്ടികൾ സാധാരണ തെറ്റി ക്കാൻ ഇടയുള്ള ഒരുപോലെ ഉച്ചാരണം വരുന്ന വാക്കുകൾ ശരിയായവ പരിചയപ്പെടൽ ഉറപ്പിക്കൽ<br>• പ്രാസഭംഗിയുള്ള വരികൾ ഓഡിയോയിലൂടെ ഉറപ്പിക്കൽ | ഒക്ടോബർ നവംബർ | അനിമേ ഷൻ വീഡിയോ ഐ.സി.ടി. ഇ ബുക്കു കൾ വിദ്യാരംഗം പുതിയപാഠ ങ്ങളുമായി ബന്ധപ്പെട്ട വീഡിയോ കൾ | എസ്.ആർ. ജി. വിദ്യാരംഗം പി.ടി.എ. | മലയാളം അധ്യാപ കർ |

## അക്കാദമിക് മാസ്റ്റർപ്ലാൻ
## ഇംഗ്ലീഷ് (ഹൈസ്കൂൾ വിഭാഗം)

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class<br>English Library നവീകരണം<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം/ ശനിയാഴ്ചകൾ | പി.ടി.എ., ടീച്ചേഴ്സ് | പി.ടി.എ. മാനേജ്മെന്റ് |
| 2 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary– Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br>Role Play, English Day ആചരണം, Seminar, ചർച്ചകൾ, പ്രശസ്ത ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br>അക്കാദമിക വർഷം | ടീച്ചേഴ്സ്, എസ്.ആർ.ജി.<br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്, മാനേജ്മെന്റ്<br>പി.ടി.എ., ഇംഗ്ലീഷ് ക്ലബ്ബ് |
| 3 | സ്വതന്ത്ര വായനക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴു | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണ | ക്ലാസ് റൂം പ്രവർത്തനങ്ങ | ഇംഗ്ലീഷ് | പി.ടി.എ. എസ്.ആർ.ജി. |

| | | | | | |
|---|---|---|---|---|---|
| | ത്തിന് സജ്ജരാക്കുക | ത്തിനുള്ള കാർഡുകൾ<br>ചിത്രവായന, ലഘുകഥ, നിർമ്മാണം, Public Speaking, Simply Games, English, പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി, ന്യൂസ് വായിക്കൽ, News reading competitions | ളോടൊപ്പം<br>ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | ക്ലബ്ബ് | |
| 4 | നാടകീകരണം | English Assembly, Skit, Puppet Show, English Lab<br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit കഥാ പാത്രം എന്നീ തന്ത്രങ്ങളിലൂടെ അവ തരിപ്പിക്കുന്നു. | ക്ലാസ് രൂം പ്രവർത്തന ങ്ങൾ, അസംബ്ലി<br>ശനിയാവ്ചകൾ, ക്യാമ്പ് | പി.ടി.എ., എസ്.ആർ. ജി.<br>ടീച്ചേഴ്സ്<br>ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ.<br>രക്ഷിതാക്കൾ |
| 5 | കവിതാലാപനത്തിനും കവി താ രചനയ്ക്കും പ്രാത്പരാ ക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാ റാക്കുന്നു.<br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദന സാധ്യത കളും പ്രയോജനപ്പെടുത്തുന്നു. | ക്ലാസ് പ്രവർത്ത നങ്ങൾ<br>വെക്കേഷൻ, ശനിയാഴ്ചകൾ<br>വർഷത്തിൽ രണ്ടുപ്രാവശ്യം | ഇംഗ്ലീഷ് ക്ലബ്ബ്<br>ഇംഗ്ലീഷ് ക്ലബ്ബ്<br>പി.ടി.എ. എസ്.ആർ. | |

| | | | | | |
|---|---|---|---|---|---|
| | | ബുക്ക് റിവ്യൂ<br>രചനകളുടെ പ്രദർശനം (മാഗസിൻ) | | ജി.<br>മാനേ ജ്മെന്റ് | |
| 6 | സാങ്കേതിക വിദ്യാ സാധ്യ തകൾ ഇംഗ്ലീഷ് ഭാഷാ വിക സനത്തിന് പ്രയോജനപ്പെടു ത്തുക | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭി മുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു.<br>ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഫിലിം കാണാനുള്ള അവസരം | വെക്കേഷൻ (ഓ ണം, ക്രിസ്തുമ സ്)<br>അക്കാദമിക വർഷത്തിൽ ഒന്ന് | ടീച്ചേഴ്സ്, പി.ടി.എ.<br>എസ്.ആർ. ജി. | പി.ടി.എ., എസ്. ആർ.ജി. മാനേ ജ്മെന്റ് |
| 7 | സംവാദ സദസ്സുകൾ സംഘ ടിപ്പിക്കുക | നാറ്റീവ് സ്പീക്കേഴ്സുമൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു.<br>ഇപ്പോൾ ജീവിച്ചിരിക്കുന്ന ഇംഗ്ലീഷ് എഴുത്തുകാർ, കവിത എഴുതുന്നവരു മായി വീഡിയോ കോൺഫറൻസു കൾ നടത്തുന്നു. | ശനിയാഴ്ചകൾ / വെക്കേഷൻ<br>അക്കാദമിക വർഷത്തിൽ രണ്ട് തവണ | ഇംഗ്ലീഷ് ക്ലബ്ബ്<br>ടീച്ചേഴ്സ്, പി.ടി.എ.<br>എസ്.ആർ. ജി. | പി.ടി.എ ഇംഗ്ലീഷ് ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ഉപമേഖല – ഹിന്ദി (ഹൈസ്കൂൾ വിഭാഗം)

### പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

# മേഖല: അക്കാദമികം – ഹിന്ദി

## ക്ലാസ് – 8

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു<br>ഉച്ചാരണം പരിചയപ്പെടുത്തുന്നു<br>അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്താനും പഠിപ്പിക്കുന്നു | • അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br>• അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു<br>• ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | ഹ്രസ്വകാലം<br>ജൂൺ – ജൂലൈ | | |
| 2 | ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | • ക്ലാസിലെ ഓരോ വിദ്യാർത്ഥികളുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതാൻ പറയുന്നു.<br>• വർക്ക്ഷീറ്റുകൾ നൽകുന്നു.<br>• ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | മധ്യകാലം<br>ഓഗസ്റ്റ്<br>സെപ്തംബർ | | |
| 3 | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു | • കേട്ടെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു | ഡിസംബർ<br>ജനുവരി | | |

## മേഖല: അക്കാദമികം - ഹിന്ദി
## ക്ലാസ് - 9

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | • വർക്ക്ഷീറ്റുകൾ നൽകുന്നു.<br>• ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | ഹ്രസ്വകാലം<br>ജൂൺ - ജൂലൈ | | |
| 2 | നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു.<br>വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു | • ചാർട്ടുകൾ നൽകുന്നു. അതിൽനിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>• കവിത, കഥ, പൂരിപ്പിക്കുവാൻ നൽകുന്നു.<br>• സൂചനാബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്തംബർ | | |

| | | | | | |
|---|---|---|---|---|---|
| 3 | പോസ്റ്റർ തയ്യാറാക്കുവാന റിയുന്നു.<br>കവിത വായിച്ച് ആസ്വാദ നക്കുറിപ്പ് തയ്യാറാക്കുവാ നറിയുന്നു | • പോസ്റ്ററിന്റെ മോഡൽ നൽകു ന്നു.<br>• വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിച്ച മൂല്യ നിർണയം നടത്തുന്നു.<br>• ചെറിയ കവിതകൾ നൽകി ക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ<br>നവംബർ | | |

# മേഖല: അക്കാദമികം - ഹിന്ദി
## ക്ലാസ് - 10

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു | • നാടകം വേദിയിൽ അവതരിപ്പിക്കുന്നു.<br>• സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ഹ്രസ്വകാലം<br>ജൂൺ -<br>ജൂലൈ | | |
| 2 | സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | • പദ്യം ചൊല്ലൽ കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | മധ്യം<br>ഓഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ | | |
| 3 | ആശയങ്ങൾ, വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു<br>കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു | • | ദീർഘം<br>നവംബർ<br>ജനുവരി | | |

## മേഖല: അക്കാദമികം - ഫിസിക്സ് & കെമിസ്ട്രി
## ഹൈസ്കൂൾ

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്ര ചലനശേഷി വർദ്ധിപ്പിക്കുന്നു | • ക്ലബ്ബുകളുടെ രൂപീകരണം സയൻസ് ക്ലബ്ബ് | ഒരു വർഷം | അധ്യാപകർ | |
| 2 | ശാസ്ത്ര പഠന ശേഷി വർദ്ധിപ്പിക്കുന്നു | • ശാസ്ത്രപഠനം ലബോറട്ടറി ബന്ധം ആയിരിക്കണം<br>• ഉപകരണങ്ങൾ മറ്റ് വസ്തുക്കളും തരംതിരിച്ച് ഒട്ടിച്ചുവക്കണം. കുട്ടികൾ നിർമ്മിക്കുന്ന മാതൃകകളും ഉപകരണങ്ങളും ഉൾപ്പെടുത്തി ലബോറട്ടറി വിപുലീകരിക്കുന്നു | ഒരു വർഷം | അധ്യാപകർ | |
| 3 | ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുന്നു | • ശാസ്ത്ര ലബോറട്ടറി രൂപീകരിക്കുക.<br>• ശാസ്ത്രവിജ്ഞാന മേഖലയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ലൈബ്രറി രൂപീകരിക്കുക. | ഒരു വർഷം | സയൻസ് ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| 4 | ശാസ്ത്ര പഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക | • ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കണം. കുട്ടികളിൽ ശാസ്ത്ര അഭിവൃദ്ധി വളർത്തുന്നതിനുള്ള ഉപാധിയായി കുട്ടികളുടെ സർഗ്ഗാത്മകത സൃഷ്ടികൾ പ്രദർശിപ്പിക്കാം. | | അധ്യാപകർ | |
| 5 | പ്രത്യേക വിഷയങ്ങളിലുള്ള വിദഗ്ധ ക്ലാസുകൾ | • സെമിനാർ, പ്രൊജക്ട് സംഘടിപ്പിക്കൽ<br>• ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങൾ ശാസ്ത്രാഭിരുചി സംവാദം നടത്താനുള്ള മാർഗ്ഗങ്ങൾ ഉൾക്കൊള്ളുക | മൂന്ന് മാസം | അധ്യാപകർ | |
| 6 | ശാസ്ത്രപഠനത്തിൽ ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് | • കുട്ടിക്ക് നേരിട്ട് മനസ്സിലാക്കാൻ പ്രയാസമുള്ള ശാസ്ത്രീയ ആശയങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തുന്നതിന് ഐ.സി.ടി. സാധ്യത | | അധ്യാപകർ | |
| 7 | ശാസ്ത്രത്തിലെ അടിസ്ഥ ആന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയിലുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക | • ആൽബം നിർമ്മിക്കുക<br>• ചുമർ പത്രിക തയ്യാറാക്കുക.<br>• ലേഖനങ്ങൾ, ചിത്രങ്ങൾ, കൊളാഷുകൾ എന്നിവ ഉൾപ്പെടുത്തി ചുമർ പത്രിക തയ്യാറാക്കണം.<br>• ക്ലബ്ബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ. | മൂന്ന് മാസം | | |

| | | | | | |
|---|---|---|---|---|---|
| | | • ഹെൽത്ത് ക്ലബ്ബിന്റെ സഹായ ത്തോടെ പ്രഥമശുശ്രൂഷയെക്കു റിച്ച് ക്ലാസ് സംഘടിപ്പിക്കുക | | | |
| 8 | ശാസ്ത്രപഠനം പെൺകു ട്ടികളുടെ പദവി ഉയർത്തു ന്നതിന് | • കൗമാര വിദ്യാഭ്യാസം, ആരോ ഗ്യം, ആരോഗ്യപ്രവർത്തനങ്ങൾ, ഡോക്ടർമാരുടെ സേവനം സംഘടിപ്പിക്കുക. | ഒരു മാസം | അധ്യാപ കർ | |
| 9 | ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്ര പഠനത്തെ പ്രയോജനപ്പെ ടുത്തുക | • പരിസര ശുചിത്വം, വ്യക്തി ശുചിത്വം പോലെ തന്നെ പ്രധാ നമാണ് എന്ന ബോധം വളർത്താനുള്ളവ സംഘടിപ്പി ക്കുക | ഒരു മാസം | അധ്യാപ കർ | |
| 10 | ശാസ്ത്രപഠനം, സാമൂ ഹിക മുന്നേറ്റത്തിന് പ്രയോജനപ്പെടുത്താ നുള്ള മനോഭാവം വളർത്തുക | • ഗൃഹസന്ദർശനം<br>• രക്ഷിതാക്കളുമായുള്ള ആശയവി നിമയം<br>• കുട്ടിയെ നിരന്തരമായി നിരീക്ഷി ക്കുന്നു | ആറ് മാസം | രക്ഷിതാ ക്കൾ<br>അധ്യാപ കർ | |

## മേഖല: അക്കാദമികം - ജീവശാസ്ത്രം
## ഹൈസ്കൂൾ

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി അവബോധം വളർത്തുക | • ദിനാചരണങ്ങൾ<br>• പരിസ്ഥിതി ദിനാഘോഷ പ്രവർത്തനങ്ങൾ<br>• പരിസ്ഥിതി ദിന സന്ദേശം<br>• പരിസ്ഥിതി ദിന ക്വിസ്<br>• പരിസ്ഥിതി ദിന മുദ്രാവാക്യ ങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്റർ പ്രദർശനം | ഒരു വർഷം | അധ്യാപ കർ | |
| 2 | ശാസ്ത്രപഠനശേഷി വർദ്ധിപ്പിക്കൽ | • ക്ലബ്ബുകളുടെ രൂപീകരണം<br>• Eco Club<br>• Teen’s Club<br>• Science Club<br>• Health Club<br>• Energy Club<br>• YIP | ഒരു വർഷം | | |
| 3 | ചാന്ദ്ര ദിനാചരണം | • ശാസ്ത്ര സംബന്ധമായ പ്രവർത്തനങ്ങളുടെ വീഡിയോ | 1 മാസം | | |

| | | | | | |
|---|---|---|---|---|---|
| | | പ്രദർശനം, പഠനയാത്ര, ക്വിസ് മത്സരം | | | |
| 4 | | • | | | |
| 5 | | • | | | |
| 6 | പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ മുന്നോട്ട് കൊണ്ടുവരിക | • പഠനക്ലാസ്, നിരന്തര വിലയിരുത്തൽ, മൂല്യനിർണ്ണയം | ഒരു വർഷം | അധ്യാപകർ | |
| 7 | യൂണിറ്റ്തല അവലോകനം | • ഓരോ മാസവും പാഠഭാഗം മുൻനിർത്തിയുള്ള യൂണിറ്റ് ടെസ്റ്റ് | ഒരു വർഷം | അധ്യാപകർ | |
| 8 | ശാസ്ത്രമേളയുടെ തയ്യാറെടുപ്പ് | • ശാസ്ത്രമേളകളുടെ വിജയത്തിനുവേണ്ടി കുട്ടികളെ തയ്യാറ ആക്കുന്നു.<br>• Working Model<br>• Skill Model<br>• Experiment<br>• Magazine<br>• Project<br>• | മൂന്ന് മാസം | | |
| 9 | പഠനയാത്ര, YIP | • Science and Technology Exhibition, YIP യുമായി ബന്ധപ്പെട്ട നൂതന ആശയങ്ങൾ പ്രായോഗിക തലത്തിലേക്ക് കൊണ്ടുവരുന്നു. | ഒരു വർഷം | | |

| | | | | | |
|---|---|---|---|---|---|
| 10 | എസ്.എസ്.എൽ.സി. യ്ക്കുള്ള മുന്നൊരുക്കങ്ങൾ | • ചാപ്റ്റർവൈസ് ടെസ്റ്റ് പേപ്പർ<br>• പഴയ ക്വസ്റ്റ്യൻ പേപ്പർ റിവിഷൻ<br>• ഭിന്നശേഷികളായ കുട്ടികൾക്ക് പ്രത്യേക പരിശീലനം | 4 മാസം | | |
| 11 | കൗൺസലിംഗ് ക്ലാസ് | • പത്താം ക്ലാസിലെ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ് | ഒരു മാസം | | |

# മേഖല: അക്കാദമികം - സാമൂഹ്യശാസ്ത്രം

## ഹൈസ്കൂൾ

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രത്തിൽനിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും** - ചരിത്രപ്രധാന മുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിലെ അടി സ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീക രിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴു വനും<br>നിശ്ചയിച്ച തിയ്യതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപ കർ | |
| 2 | ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക, പൗര ബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർല മെന്റ്, മോക്ക് പാർലമെന്റ്, പൗര ബോധം, സാമൂഹ്യസേവനം ഇവ യ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിര ഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാ പകർ | സ്കൂൾ കുട്ടി കൾ, സുമന സ്സുകൾ |

| | | | | | |
|---|---|---|---|---|---|
| 3 | സാമൂഹ്യശാസ്ത്രത്തിന്റെ പരീക്ഷണ നിരീക്ഷണം വളർത്തുക | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്ത നങ്ങൾ കാഴ്ച വയ്ക്കുന്നു. | വർഷം മുഴു വൻ | സാമൂഹ്യ ശാസ്ത്ര അധ്യാപ കർ | പി.ടി.യഎ. മാനേജ്മെന്റ് |
| 4 | മതേതരത്വം, സഹി ഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വള രുക. സാമൂഹ്യ പരി ഷ്കർത്താക്കളെ പരിചയ പ്പെടുത്തുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖ ങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്തര അധ്യാപ കർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5 | ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണ യം നടത്തുവാൻ പഠി ക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപ ടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരി ചിതമാക്കുന്നു. | വർഷം മുഴു വൻ | സാമൂഹ്യ ശാസ്ത്ര അധ്യാപ കർ | |
| 6 | കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കാൻ ഉത കുന്ന പൊതുവിജ്ഞാനം വളർത്തുക | **മൈ സിനിമ റൂം:** സാമൂഹ്യശാ സ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരി പോഷിപ്പിക്കുന്ന ക്വിസുകൾ, | അക്കാമദിക വർഷം മുഴു വനും | സാമൂഹ്യ ശാസ്ത്ര അധ്യാപ കർ | |

| | | | | | |
|---|---|---|---|---|---|
| | | ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം തുടങ്ങിയ സീനിമ (ചരിത്ര സിനിമ പ്രദർശനം) | | | |
| 7 | വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | **ചരിത്രകൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക മാസ്റ്റർപ്ലാൻ
# ഗണിതം (ഹൈസ്കൂൾ വിഭാഗം)

**വിഷൻ**

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

**മിഷൻ**

- എല്ലാ നിലവാരത്തിലുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാദമിക്, നോൺ അക്കാദമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# മേഖല: അക്കാദമികം - ഗണിതം
## ഹൈസ്കൂൾ

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹോര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week starting<br>• മത്സ് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ<br>• ജൂൺ 19 പാസ്കൽ ജന്മദിനം | ജൂൺ | ഗണിത അധ്യാപകർ | |
| 2 | തുല്യ ത്രികോണങ്ങൾ, വർഗ സമവാക്യങ്ങൾ, ബഹുദപങ്ങൾ, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം.<br>പുതിയ സംഖ്യകൾ, ബ്രിഡ്ജ് - ത്രികോണ പരപ്പ്, സമാന്തര വരകൾ, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം. | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പ്<br>• വീക്ക്‌ലി മാത്സ് ജേണൽ പ്രദിദ്ധീകരിക്കുന്നു.<br>• മാത്സ് ടാലന്റ് ടെസ്റ്റ് | ജൂലൈ | | |

| | | | | | |
|---|---|---|---|---|---|
| | വൃത്തങ്ങളും കോണുകളും, സമാന്ത്ര ശ്രേണിയും ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ്, പരിഹാരബോധനം | | | | |
| 3 | ബഹുപദങ്ങൾ, സമവാക്യ പരിഹാരം, ഒന്നാം പാദ വാർ്ിക പരീക്ഷ, പി.ടി. എം.<br>ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ, പി.ടി.എം.<br>രണ്ടാം കൃതി സമവാക്യ. ങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ, പി.ടി.എം. | • ഗണിത ക്വിസ് മത്സരം<br>• ഗണിത മാഗസിൻ<br>• പീർ ട്യൂട്ടറിംഗ് - ടീച്ച് എ ടോപിക് മത്സരം | ആഗസ്റ്റ് | | |
| 4 | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം<br>അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• ജിയോജിബ്രയിൽ പ്രത്യേക പരിശീലനം.<br>• സെപ്തംബർ 5 ടീച്ചേഴ്സ് ഡേ കുട്ടിട്ടീച്ചർ മത്സരം | സെപ്തംബർ | | |

| | | | | | |
|---|---|---|---|---|---|
| | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | | | | |
| 5 | വോള്യം 2 പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം<br>ബ്രിഡ്ജ്, വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | • സബ്ജില്ല ഗണിതമേളയ്ക്ക് കുട്ടികളെ സജ്ജരാക്കുക.<br>• ഗണിത പസിൽ ഡേ സംഘടിപ്പിക്കുക. (രണ്ടാം ആഴ്ച) | ഒക്ടോബർ | | |
| 6 | വോള്യം 2 പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം.<br>രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ്, പരിഹാരബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• പൂജ്യത്തിന്റെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (വിത്തൗട്ട് സീറോ ദി വേൾഡ് ഈസ് നതിംഗ്, സീറോയ്ക്ക് ഒരു കത്തെഴുതുക) | നവംബർ | | |
| 7 | വോള്യം 2 പാഠഭാഗങ്ങൾ, അർദ്ധവാർഷിക പരീക്ഷ, പി.ടി.എം.<br>വൃത്തഭാഗങ്ങൾ, അർദ്ധവാർഷിക പരീക്ഷ, പി.ടി.എം. | • ദേശീയ ഗണിതദിനം (ഡിസംബർ 22) ആഘോഷം | ഡിസംബർ | | |

| | | | | | |
|---|---|---|---|---|---|
| 8 | വോള്യം 2 പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം<br>സ്തംഭങ്ങൾ, ബഹുപദചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം<br>വിജയഭേരി | • പോസ്റ്റർ നിർമ്മാണം (മാത്സ്, നാഷൺ ബിൽഡിംഗ്) | ജനുവരി | | |
| 9 | വോള്യം 2 പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്, റിവിഷൻ<br>അനുപാതം, സ്ഥിതി വിവര കണക്ക്, ക്ലാസ് ടെസ്റ്റ്, റിവിഷൻ, മോഡൽ പരീക്ഷ | • പൈ- ചരിത്രവും പ്രാധാന്യവും പ്രോഗ്രാം | ഫെബ്രുവരി | | |
| 10 | പാദവാർഷിക പരീക്ഷ | • എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് - തിരിഞ്ഞു നോട്ടം | | | |

# മേഖല: ആരോഗ്യ കായിക വിദ്യാഭ്യാസം

**ഉദ്ദേശ്യം:**

- കുട്ടികളിൽ ആരോഗ്യ കായികക്ഷമത കൈവരിക്കുക.
- അനുയോജ്യമായ കായിക ഇനങ്ങഘളുടെ നൈപുണികൾ സ്വായത്തമാക്കുക.

ഉപമേഖല

1. കായികമേഖല
2. ആരോഗ്യമേഖല

**ആമുഖം**

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായികക്ഷമത അനുദിനം കുറഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്. ശരിയായ ആരോഗ്യ കായിക അവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിത ശൈലി, യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരേയും ഒന്നുപോലെ പ്രവർത്തനമാന്യമുള്ളവരാക്കുന്നു. ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും അനന്തരഫലമായുള്ള അമിതമേദസ്സും രോഗങ്ങളും ഒരു പ്രതിസന്ധി ആനുപാതികത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേതു രാജ്യത്തേക്കാളും ജനിതകമായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യക്കാർക്കാണെന്ന് അടുത്ത കാലത്ത് നടന്ന പഠനത്തിൽ മനസ്സിലാക്കുന്നു. ഇന്ത്യയിൽ 35നും 64നും ഇടയ്ക്കുള്ള പ്രായത്തിൽ ഹൃദ്രോഗത്തിലൂടെ ജീവിതം പൊലിഞ്ഞുപോയവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.

ലോകത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പ്രമേഹം എന്ന മഹാമാരി ഭീഷണി ഉയർന്നത് ഇന്ത്യയിലാണ്. 100 കോടിയിലധികം വരുന്ന ഇന്ത്യൻ ജനത, മധ്യവയസ്സിനുശേഷം പിടിപെടുന്ന പ്രമേഹം (ടൈപ് 2 ) സാധ്യത വളരെ കൂടുതലാണ്. കാരണം കൂടുതൽ പാശ്ചാത്യവൽകൃതമായ ജീവിതശൈലിയിൽ കൊഴുപ്പ് കൂടിയ ആഹാരം കഴിക്കുന്നതുകൊണ്ടും വ്യായാമത്തിന്റെ അഭാവം മൂലവുമാണ്.

**ഇന്ത്യയിൽ പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു. രാജ്യത്ത് 10 കോടിയിലധികം രോഗികൾ എന്ന് സർവ്വേ ഫലം (ന്യൂഡൽഹി)**

ഇന്ത്യയിൽ പ്രമേഹരോഗികളുടെ എണ്ണം വൻതോതിൽ വർദ്ധിക്കുന്നതായി പഠനം. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് - ഇന്ത്യ ഡയബറ്റിസ് നടത്തിയ സർവ്വേയിൽ 10 കോടിയിലധികം ആളുകൾക്ക് ഇന്ത്യയിൽ പ്രമേഹമുള്ളതായി കണ്ടെത്തി. 13.6 കോടി ആളുകൾക്ക് പ്രീ ഡയബറ്റിക് ആണെന്നും, 31.5 കോടി ആളുകൾക്ക് ഉയർന്ന രക്തസമ്മർദ്ദം ഉണ്ടെന്നും ഈ പഠനത്തിൽ പറയുന്നുണ്ട്. മെറ്റബോളിക് നോൺ കമ്മ്യൂണിക്കബിൾ ആയ അസുഖങ്ങളുടെ (എൻ.സി.ഡി) വ്യാപനം സംബന്ധിച്ച് ഇത്തരത്തിലൊരു പഠനം തടത്തുന്നത് ആദ്യമാണ്. രാജ്യത്തെ തന്നെ ഏറ്റവും വലിയ സർവ്വേകളിൽ ഒന്നാണിത്.

25.4 കോടി ആളുകളിൽ പൊണ്ണത്തടി, 35.1 കോടി ആളുകളിൽ അടിവയറ്റിലെ പൊണ്ണത്തടി, 21.3 കോടി ആളുകൾക്ക് ഉയർന്ന കൊളസ്ട്രോൾ (ഹൈപ്പർ കൊളസ്ട്രോ ലീമിയ) 18.5 കോടി ആളുകൾക്ക് ഉയർന്ന എൽ.ഡി.എൽ കൊളസ്ട്രോൾ അല്ലെങ്കിൽ ചീത്ത കൊളസ്ട്രോൾ ഉണ്ടെന്നും സർവ്വേയിൽ കണ്ടെത്തി. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളം, പുതുച്ചേരി, ഗോവ, സിക്കിം, പഞ്ചാബ് എന്നിവിടങ്ങളിൽ ഇത്തരം അസുഖങ്ങളുടെ വ്യാപനം കൂടുതലാണെന്ന് പഠനം പറയുന്നു.

പ്രമേഹ രോഗികളെക്കാളധികം പ്രീ ഡയബറ്റീസ് ഉള്ളവർ രാജ്യത്ത് ഉണ്ടെന്നുള്ളതാണ് കൂടുതൽ ആശങ്കാജനകം. ഇതിനർത്ഥം വരും വർഷങ്ങളിൽ പ്രമേഹരോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്നാണ്. 2019ൽ 7.4 കോടി പ്രമേഹരോഗികളായിരുന്നു രാജ്യത്തുണ്ടായിരുന്നത്. കഴിഞ്ഞ നാല് വർഷം കൊണ്ടാണ് ഇന്ത്യയിൽ അവരുടെ എണ്ണത്തിൽ വൻ കുതിച്ചുചാട്ടമുണ്ടായത്.

2020ഓടെ ഇന്ത്യയിൽ 35-40 ലക്ഷം പ്രമേഹ രോഗികൾ ഉണ്ടാവും എന്ന് പറഞ്ഞാൽ ലോകത്തിലെ പ്രമേഹ രോഗികളിൽ ഓരോ അഞ്ചാമനും ഇന്ത്യക്കാരനായിരിക്കും. അതിലേക്ക് കേരളത്തിൽ നിന്നുമായിരിക്കും, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലെന്ന് ഡോക്ടേഴ്സ് അസോസിയേഷൻ കണ്ടെത്തിയിരിക്കുന്നു.

2008നും 2020നും ഇടയിൽ നടത്തിയ സർവ്വേയിൽ 113043 ആളുകൾ പങ്കെടുത്തു. ഇവരിൽ 33537 പേർ നഗരവാസികളും, 79506 പേർ ഗ്രാമവാസികളുമാണ്. ഇന്ത്യയുടെ വടക്കുഭാഗത്തും, തെക്കുഭാഗത്തുമാണ് ഏറ്റവും ഉയർന്ന പ്രമേഹ കണക്കെന്നാണ് പഠനത്തിൽ കണ്ടെത്തിയത്. മധ്യബാഗത്തും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും അസുഖവ്യാപനം കുറവാണെന്നാണ് പഠനത്തിൽ പറയുന്നത്. ദി ലാൻസൈറ്റ് ഡയബറ്റീസ് ആന്റ് എൻഡ്രോക്രൈനോളജി എന്ന ജേണലിൽ വ്യാഴാഴ്ചയാണ് പ്രസ്തുത ലേഖനം പ്രസിദ്ധീകരിച്ചത്.

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെ കുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെ കുറവാണ്.

**ലക്ഷ്യം:** കായികക്ഷമത കൈവരിക്കൽ, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ

**പ്രവർത്തനം:** യോഗ, സൈക്കിൾ, കിഡ്സ് അത്‌ലറ്റിസ്ക്സ്

**മേജർ ഗയിം:** വോളിബോൾ, ഫുട്ബോൾ, ഷട്ടിൽ

**മൈനർ ഗെയിംസ്:**

**എയ്റോബിക്സ്**

യോഗ: 8, 9, 10 ക്ലാസുകളിലെ കുട്ടികൾക്ക് ഒരു വർഷം ചുരുങ്ങിയത് 54 മണിക്കൂർ യോഗ ചെയ്ാൻ നീക്കിവെക്കുന്നു. അത് രാവിലെയാണ് ചെയ്യേണ്ടത്. ക്ലാസ് അടിസ്ഥാനത്തിൽ 15 മിനിറ്റ് യോഗ ചെയ്യണം. 2025 ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ 15 മണിക്കൂർ യോഗക്കായി മാറ്റിവെച്ചിരിക്കുന്നു.

യോഗ പരീശിലനം സംഘടിപ്പിക്കുന്നതിനായി ഒരു ദിവസം 15 മിനിറ്റ് ഓഡിറ്റോറിയത്തിൽ വച്ച് പരിശീലനം നടത്തുവാൻ തീരുമാനിച്ചു.

| യോഗ ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്രമന നമ്പർ | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | യോഗ മാറ്റ് | 390 | 10 | 3900 |
| 2 | പരിശീലകൻ 10 ദിവസത്തേക്ക് (500 x 10) | | | 5000 |
| | **ആകെ** | | | **8900** |

സൈക്കിൾ: ജൂൺ മാസത്തിൽ ഹൈസ്കൂൾ തലത്തിൽ മുഴുവൻ കുട്ടികളിലും സൈക്കിൾ സവാരി അറിയുന്നവരുടെ സർവ്വേ നടത്തുന്നു. ജൂലൈ രണ്ടാം വാരത്തിനുശേശം അറിയാത്തവരെ, അറിയുന്നവരുടേയും, അധ്യാപിക / അധ്യാപക രുടെയും സഹായത്തോടെ സൈക്കിൾസവാരി പഠിപ്പിക്കാൻ തുടങ്ങുന്നു. ഇതിനായി സ്കൂളിൽ സൈക്കിളിൽ വരുന്നവ രുടെ സൈക്കിളുകൾ ഉപയോഗിച്ച് പ്രവർത്തനം സുഗമമാക്കുന്നു. പുതുതായി 4 സൈക്കിൾ വാങ്ങാൻ പി.ടി.എ.യിൽ നിർദ്ദേശം വയ്ക്കുന്നു.

| സൈക്കിൾ പഠനം | | | | |
|---|---|---|---|---|
| ക്രമന നമ്പർ | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | സൈക്കിൾ | 8500 | 4 | 34000 |
| | **ആകെ** | | | **34000** |

## കിഡ്സ് അത്‌ലെറ്റിക്സ് & അത്‌ലറ്റിക്സ്

| കിഡ്സ് അത്‌ലറ്റിക്സ് ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്രമന നമ്പർ | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | മെഡിസിൻ ബോൾ 1 | 600 | 2 | 1200 |
| 2 | മെഡിസിൻ ബോൾ 2 | 650 | 2 | 1300 |
| 3 | മിനി ബാസ്ക്കറ്റ് ബോൾ | 600 | 2 | 1200 |
| 4 | റോപ്പ് ലേഡർ (50 സെ.മീ. സ്ക്വയർ) 5 മീറ്റർ | 650 | 1 | 650 |
| 5 | ത്രോബോൾ | 500 | 2 | 1000 |
| 6 | ഫ്ളൈയിംഗ് ഡിസ്ക് | 180 | 12 | 2160 |
| 7 | കോൺ | 68 | 20 | 1360 |
| 8 | സ്റ്റെപ്പ് ജമ്പിംഗ് ബോക്സ് | 450 | 4 | 1800 |
| 9 | ഹഡിൽസ് 40 സെ.മീ., 60 സെ.മീ. | 390 | 4 | 1560 |
| 10 | സ്കിപ്പിംഗ് റോപ്പ് | 120 | 5 | 600 |
| 11 | ജാവലിൻ 400 ഗ്രാം, 600 ഗ്രാം | 680 | 4 | 2720 |
| ആകെ | | | | 15550 |

**മേജർ ഗയിം**

ഓഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ വിവിധ ഗെയിമുകൾ പരിശീലിപ്പിക്കുന്നു. പ്രധാനമായി വോളിബോൾ, ഫുട്ബോൾ, ഷട്ടിൽ എന്നിവയാണ് തിരഞ്ഞെടുക്കുന്നത്.

**ഫുട്ബോൾ**

| ഫുട്ബോൾ | | | | |
|---|---|---|---|---|
| ക്രമന നമ്പർ | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | ഫുട്ബോൾ | 1100 | 20 | 22000 |
| 2 | ഫുട്ബോൾ പോസ്റ്റ് (മിനി) സെറ്റ് | 2500 | 4 | 10000 |
| 3 | ഫുട്ബോൾ പോസ്റ്റ് നെറ്റ് | 875 | 4 | 3500 |
| ആകെ | | | | 35500.00 |

**ഷട്ടിൽ ബാഡ്മിന്റൺ**

നാളേക്ക് ഇൻഡോർ കോർട്ട് ാവും എന്ന പ്രതീക്ഷയിൽ ഷട്ടിൽബാഡ്മിന്റൺ കോർട്ട് സ്കൂൾ മുറ്റത്ത് പുതുതായി നിർമ്മിച്ചു.

| മേജർ ഗെയിം ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്രമന നമ്പർ | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | വോളിബോൾ | 780 | 4 | 3120 |
| 2 | വോളിബോൾ നെറ്റ് | 1250 | 1 | 1250 |
| 3 | മിനി ഗോൾ പോസ്റ്റ് | 1200 | 2 | 2400 |
| 4 | ഷട്ടിൽ ബാറ്റ് | 620 | 8 | 4960 |
| 5 | ഷട്ടിൽ ബാഡ്മിന്റൺ നെറ്റ് | 490 | 2 | 980 |

| | | | | |
|---|---|---|---|---|
| 6 | ഷട്ടിൽ കോക്ക് | 680 | 4 | 2720 |
| 7 | ഷട്ടിൽ ബാഡ്മിൻൺ പോസ്റ്റ് | 750 | 2 | 1500 |
| 8 | ഖോ-ഖോ പോസ്റ്റ് | 500 | 2 | 100 |
| **ആകെ** | | | | **17930.00** |

**മൈനർ ഗെയിം**

വിവിധ മേജർ ഗെയിമിനോട് അനുബന്ധിച്ചുള്ള മൈനർ ഗെയിമും കളിപ്പിക്കുന്നു. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സ്കൂളിന്റെ ഹാളിലും വരാന്തയിലും ഒഴിഞ്ഞ സ്ഥലങ്ങളിലും സംഗീതത്തിന്റെ സഹായത്തോടെയും, അല്ലാതെയും താളാത്മകമായി എയ്റോബിക്സ് എക്സർസൈസുകൾ നിശ്ചിത സമയം ചെയ്യുന്നു. ഇതിനായി ഒരു ഇൻസ്ട്രക്ടറെ ചുമതലപ്പെടുത്തുന്നു.

| **സാമ്പത്തിക അവലോകനം** | | |
|---|---|---|
| **ക്രമ നമ്പർ** | **ഇനങ്ങൾ** | **തുക** |
| 1 | യോഗ | 8900.00 |
| 2 | സൈക്കിൾ | 34000.00 |
| 3 | കിഡ്സ് അത്‌ലറ്റിക്സ് | 15550.00 |
| 4 | ഫുട്ബോൾ | 35500.00 |
| 5 | മേജർ ഗയിം | 17930.00 |
| **ആകെ** | | **111830.00** |

## ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു.

ഇന്നത്തെ പ്രശ്നം റോഡ് നിയമങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്.

ലക്ഷ്യങ്ങൾ റോഡ് നിയമങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ്.

റോഡ് അപകടങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പ്രധാനമായും റോഡ് നിയമങ്ങൾ പാലിക്കാത്തതാണ് കാരണം. പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ റോഡ് നിയമങ്ങളെക്കുറിച്ചുള്ള ധാരണ രൂപപ്പെടുത്താൻ കഴിയണം. വാഹനാപകടങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങളെക്കുറിച്ച് കുട്ടികൾക്ക് പറായൻ കഴിയണം. കാൽനടയായും, വാഹനങ്ങളിലും വിദ്യാലയത്തിലെത്തുന്ന കുട്ടികൾ തീർച്ചയായും, കാൽനടയാത്രക്കാരും വാഹനയാത്രക്കാരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അറിഞ്ഞിരിക്കണം. സീബ്ര ലൈൻ, അടയാളവിളക്കുകൾ, ട്രാഫിക് ചിഹ്നങ്ങൾ തുടങ്ങിയവ എന്തെന്ന് കുട്ടികൾ വ്യക്തമായി ബോധ്യപ്പെടുത്തണം. ചെറിയ കളികളിലൂടെയും ചർച്ചകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഈ കാര്യങ്ങൾ കുട്ടകളിൽ എത്തിക്കാൻ ശ്രമിക്കണം. സുരക്ഷിത യാത്രയ്ക്കായി ഒട്ടേറെ കാര്യങ്ങൾ താൻ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം.

**പ്രവർത്തനങ്ങൾ**

വാർത്ത, കൊളാഷ് വിശകലനം

സീബ്രാ ലൈൻ - ചിത്ര നിരീക്ഷണം

ട്രാഫിക് വിളക്കുകൾ - വീഡിയോ പ്രദർശനം

ട്രാഫിക് വിളക്കുകൾ വരച്ച് നിറം നൽകൽ

അടയാള വിളക്കുകൾ ചർച്ച.

വാഹനം ഓടിക്കാം കളി തുടങ്ങിയവ

**മോണിറ്ററിംഗ്**

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ മാസ്റ്റർ പ്ലാനിന്റെ മോണിറ്ററിംഗ് കമ്മിറ്റിയായി എച്ച്.എം. ജനറൽ കൺവീനറായും, കായികാധ്യാപകൻ കൺവീനർ ഒരു പുരുഷ അധ്യാപകൻ രണ്ടു വനിതാ അധ്യാപികമാർ രണ്ടുപേരും ചേർന്ന് ഏഴ് അംഗ കമ്മിറ്റി രൂപീകരിക്കണം.

| | | |
|---|---|---|
| ജനറൽ കൺവീനർ | : | ശ്രീജ. കെ.പി. (പ്രധാനാധ്യാപിക) |
| കൺവീനർ | : | അരുൺ.വി.പി. (എച്ച് & പി.ഇ.ടി.) |
| ജോയിന്റ് കൺവീനർ | : | ഷീജ ജോൺ |
| അംഗങ്ങൾ | : | 1. അഭിജിത്ത്. എം.എസ്. |
| | | 2. അരുൺ എം.എസ്. |
| | | 3. അജിലാൽ |

കലണ്ടർ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കാനും, മാസത്തിൽ ഒരു തവണയെങ്കിലും വിലയിരുത്താനും ഓരോ പ്രവർത്തനത്തിന്റേയും ഹാജർ പരിശോധിച്ച് അംഗീകരിക്കുകയും വേണം.

## മേഖല: അക്കാദമികം - കലാ വിദ്യാഭ്യാസം
## ഹൈസ്കൂൾ

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇന്ത്യയിൽ നില നിൽക്കുന്ന തനത് ചിത്രരചനാശൈലികളെ പരിചയപ്പെടൽ (ക്ലാസ് 9) | • വാർലി ചിത്രപ്രദർശനം | ജൂൺ | | |
| 2 | വിവിധ നിറങ്ങളും അവയുടെ മിശ്രണവും മനസ്സിലാക്കൽ (ക്ലാസ് 8) | • കുട്ടികൾ അവരവർക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ വരച്ച് നിറങ്ങൾ നൽകി ക്ലാസുകളിൽ പ്രദർശിപ്പിക്കുന്നു.<br>• സ്കൂളും പരിരസവും ചിത്രീകരിച്ച് പ്രദർശിപ്പിക്കുന്നു | ജൂൺ | | |
| 3 | പ്രകൃതിയുടെ സസൂഷ്മ നിരീക്ഷണം (ക്ലാസ് - 8, 9, 10) | • ജൂൺ 5 -പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾ ഒരുമിച്ച് ക്യാൻവാസിൽ പ്രകൃതി ചിത്രങ്ങൾ വരയ്ക്കുന്നു | ജൂൺ | | |

| | | | | | |
|---|---|---|---|---|---|
| 4 | വ്യത്യസ്ത സംഗീത രീതികളും കലാകാരന്മാരേയും പരിചയപ്പെടൽ (ക്ലാസ് 8 – 10) | • വ്യത്യസ്ത സംഗീത രൂപങ്ങളേയും കലാകാരന്മാരേയും സംബന്ധിക്കുന്ന പ്രസന്റേഷൻ അവതരണം | | | |
| 5 | പ്രശസ്ത ചിത്രകലാ പ്രതിഭകളെ പരിചയപ്പെടുന്നു (ക്ലാസ് 08, 09,10) | • ജൂലൈ29 വാൻഗോഗ് ഓർമ്മ ദിനം<br>• ജൂലൈ 31 കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മദിനം<br>• ഈ ദിനങ്ങളിൽ ഈ ചിത്രകലാകാരന്മാരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള പ്രസന്റേഷൻ അവതരണം<br>• കുട്ടികൾ വരച്ച കാർട്ടൂൺ ചിത്രങ്ങളുടെ പ്രദർശനം | ജൂലൈ | | |
| 6 | വിവിധ സംസ്ഥാനങ്ങളിലെ വേഷം, സംസ്കാരം, പ്രധാന ചരിത്ര സംഭവങ്ങൾ എന്നിവ മനസ്സിലാക്കൽ | • സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കുട്ടികൾ നിശ്ചല ദൃശ്യങ്ങൾ ഗ്രൂപ്പായി അവതരിപ്പിക്കുന്നു. ഫ്ളാഷ്മോബ് | ആഗസ്റ്റ് | | |

| | | | | | |
|---|---|---|---|---|---|
| 7 | സംഘ അവതരണത്തി ലൂടെ ഒരുമയോടെ എങ്ങനെ പ്രവർത്തിക്കാം എന്ന ആശയം മനസ്സിലാ ക്കുന്നു (ക്ലാസ് - 08, 09, 10) | • | | | |
| 8 | അധ്യാപകർ കുട്ടികളെ എങ്ങനെ സ്വാധീനി ക്കുന്നു എന്ന് തിരിച്ചറി യൽ (ക്ലാസ് - 08, 09 ,10) | • സെപ്തംബർ 5 - ദേശീയ അധ്യാപക ദിനത്തോടനുബ ന്ധിച്ച് കുട്ടികൾ അധ്യാപകരോ ടൊത്തുള്ള ക്ലാസ് റൂം രംഗ ങ്ങൾ പെൻസിൽ ഡ്രോയിംഗ് ചെയ്ത് പ്രദർശിപ്പിക്കുന്നു. | സെപ്തംബർ | | |
| 9 | പ്രശസ്ത ഇന്ത്യൻ വ്യക്തി ത്വങ്ങളെ പരിചയപ്പെടൽ | • ഒക്ടോബർ 02 - ഗാന്ധിജയന്തി, രാജാ രവിവർമ്മ സ്മൃതി ദിനം<br>• ഗാന്ധിജിയുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളുടെ ചിത്രീ കരണം കുട്ടികൾ പ്രദർശിപ്പി ക്കുന്നു<br>• രാജാരവിവർമ്മയുടെയും അദ്ദേ ഹത്തിന്റേയും ചിത്രങ്ങളും പ്രസന്റേഷനായി അവതരിപ്പി ക്കുന്നു | ഒക്ടോബർ | | |

| | | | | | |
|---|---|---|---|---|---|
| 10 | തനത് പ്രദേശത്ത് നില നിൽക്കുന്ന കേരളീയ സാംസ്കാരികതയെ തിരി ച്ചറിയൽ | • കേരളപ്പിറവിയോടനുബന്ധിച്ച് നമ്മുടെ നാട്ടിലെ വിവിധ പ്രദേ ശങ്ങളിൽ നാടൻപാട്ടുകളുടെ അവതരണം | നവംബർ | | |
| 11 | ഊർജ്ജ സംരക്ഷണ ത്തിന്റെ ആവശ്യകത മന സ്സിലാക്കൽ | • ഡിസംബർ 14 - ഊർജ്ജ സംര ക്ഷണ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണം | ഡിസംബർ | | |
| 12 | സൗന്ദര്യാത്മകമായും താളാത്മകമായും വിവിധ രീതിയിലുള്ള എഴുത്തു കൾ പരിശീലിക്കൽ | • ജനുവരി 23 - ദേശീയ കൈയ്യ ക്ഷര ദിനത്തോടനുബന്ധിച്ച് കാലിഗ്രാഫി വർക്ഷോപ്പ്. | ജനുവരി | | |
| 13 | കൂട്ടമായി പ്രവർത്തിക്കുക, ദൃശ്യമാധ്യമ സാങ്കേതിക വിദ്യകൾ എങ്ങനെ കൈകാര്യം ചെയ്യാം എന്നുമുള്ള കാര്യങ്ങൾ മനസ്സിലാക്കൽ | • ഫെബ്രുവരി 11 - സ്ത്രീകളു ടേയും സുരക്ഷാ ദിനത്തോടനു ബന്ധിച്ച് കുട്ടികൾ ഗ്രൂപ്പായി ഷോർട്ട് ഫിലിം നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു. | ഫെബ്രുവരി | | |
| 14 | കവിത ആസ്വാദനശേഷി വർദ്ധിപ്പിക്കൽ | • ഫെബ്രുവരി 13 - ഒ.എൻ.വി. കുറുപ്പ് ഓർമ്മദിനത്തോടനുബ ന്ധിച്ച് ഒ.എൻ.വി. കവിതകളുടെ ആലാപനവും നൃത്താവിഷ്കാ രവും | ഫെബ്രുവരി | | |

## മേഖല: അക്കാദമികം - മലയാളം
## യു.പി. വിഭാഗം

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | 5, 6, 7 ക്ലാസുകളിൽ അക്ഷരബോധം ഉറപ്പിക്കൽ | • അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടേയും നിർമ്മാണം.<br>• അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| 2 | ഭാഷയുടെ അടിസ്ഥാന ശേഷി, വികസനം, ആശയസംവാദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | • പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം) അവതരിപ്പിക്കുന്നു | ജൂൺ | മലയാളം അധ്യാപകർ | |
| 3 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു. | • പത്രം, മാസികകൾ ഇവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | ചെയ്യുന്നു. | | | |
| 4 | സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടു മുള്ള അനുകൂല മനോ ഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗ ശേഷി വളർത്തൽ | **മുഖാമുഖം**<br>• സാഹിത്യകാരനുമായുള്ള ചർച്ച സംഘടിപ്പിക്കുന്നു. അക്ഷരക്കൂട്ട് - വായനാമൂല സാഹിത്യകൃതി കൾ പരിചയപ്പെടൽ (വായനാ വാരാചരണവുമായി ബന്ധപ്പെ ട്ട്)<br>• മുഴുവൻ പഠിതാക്കളുടേയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗ സിൻഡ തയ്യാറാക്കുന്നു | ജൂൺ മാസം<br><br>വർഷാവ സാനം | മലയാളം അധ്യാപ കർ | |
| 5 | പഠിതാക്കളുടെ കലാവാ സനകളെ പരിപോഷിപ്പി ക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടക ങ്ങൾ, സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>• വായിച്ച പുസ്തകങ്ങളിൽ മികച്ച ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>• ഓരോ ആഴ്ചയിലേയും പ്രധാന വാർത്തകൾ സ്കൂൾ ചാനലിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | അധ്യാപ കർ | |

## Academic Master Plan – UP (English)

| No | Activites | Details | Month | Incharge | Financial |
|---|---|---|---|---|---|
| 1 | Creating opportunities for listening and speaking English | • Lend YOur ear : parents audious of pre recorded somple and funny english. Movtivates the learner to answer the related questions. | June | | |
| 2 | | • Follow me if you ean: Giving practice to students to adopt with giving instruction in English | June | | |
| 3 | | • Missing man : Recording and showing the audio or video of conversation between teacher and students. Then removing the teacher part from that clip and then showing the clip to students and giving chance for filling the missing part by studnets. | July | | |
| 4 | | • Breaking News : Record and playback English news. creating a space to understand proper pronounciation | August | | |

| | | | | | |
|---|---|---|---|---|---|
| 5 | | • Treasure hunt : Creating different shares using different materials. Giving numbers to ** and relating lost fro that number and speak about that. *** have to find out the ***. Giving points | | | |
| 6 | | • Oneman show: Giving topics to present in English | November | | |
| 7 | Improve reading skills | • I do can: Arranging reading cards having topics simple and complex. Helping them to read without mistakes. | July | | |
| | | • Fun corner : Giving opportunities to perform stories in the from of readers speak radio drama. | December | | |
| | | • Reader of ***: Giving News Paper to student and let them read. Asna that finding reader of the *** | Every Month | | |
| 8 | Ensuring students writing mistakes | • My droplets<br>• creating a magazine<br>• or dictionary including students creativities | End of years | English Teacher | |

| | | | | | |
|---|---|---|---|---|---|
| | | • ***<br>• Placing indication boards, Sign boards, poster, notices in class and school surroundings | Day celebration | English Teacher | |
| | | • Run baby run<br>• Divide class into group asking them to write the words written in charts to other chart. Choose who finish first it declared as winner | February | English Tacher | |
| | Impressing confidence in using English language | • The Ground camp<br>• Conducting a camp including students and their parents.<br>• Giving oppotunities for students to *** their talent.<br>• Story telling and story writing for class 5<br>• Role play and drama for class 6 **** speech, reaction for class | End of year | English Teacher<br>PTA Members<br>Parents | |

# अकादमी मास्टरप्लान – हिन्दी -यु.पी

| नं | कार्यक्रम | गतिविधि | अवधि | मौतिक | |
|---|---|---|---|---|---|
| 1 | सभी बच्चों केलिए अक्षरों शब्दों और अवधारणाओं को सुदृढ करना। | • वर्णमाला लिखना<br>• प्रतीक की पृष्टि करों<br>• कक्षा में वर्णमाला प्रदर्शन<br>• जिन काडौं पर शब्द लिखें हैं<br>• वाक्यों का निर्माण | जून - आगस्त | वर्णमाला चार्ट किताब | |
| 2 | देखो, सुनो और उपयोग की गई वस्तुओं के नाम हिन्दी में जानें। | • घरेलू उपकरणों सहित घरेलू वस्तुओं की हिन्दी में एक सूची तैयार करें। | सितंबर - अक्तूबर | हिन्दी शब्दकोश | |
| 3 | सुरीली हिन्दी बिना किसी .. त्रुटि के विचारों को व्यक्त करने और रचनात्मक लेखन विकसित करने का अवसर | • हिन्दी वलब गतिविधियाँ<br>• हिन्दि सभा<br>• दिवस समारोह (सितंबर 14, जनुवरि 10) | नवंबर - फरवरी | पुस्तकें | |

## മേഖല: അക്കാദമികം - സംസ്കൃതം
## യു.പി. വിഭാഗം

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ സംസ്കൃതി. യു.പി. തല ത്തിലെ എല്ലാ കുട്ടി കൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | • ഭാഷാജ്ഞാനം<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മിക്കൽ<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പി ക്കുക | ജൂൺ - ആഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപു സ്തകം<br>ഐ.സി.ടി. | പി.ടി.എ.<br>റിസോഴ്സ് അധ്യാപിക / അധ്യാപകൻ |
| | | • പറയാം പഠിക്കാം<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘു സംഭാഷണങ്ങൾ നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന | ജൂൺ - ജൂലൈ | സംസ്കൃത കഥാപു സ്തകം<br>ഐ.സി.ടി. | റിസോഴ്സ് അധ്യാപകൻ / അധ്യാപിക |

| | | | | | |
|---|---|---|---|---|---|
| | | സംസ്കൃത പദങ്ങൾ | | | |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ. വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ഐ.സി.ടി. സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്തംബർ ഒക്ടോബർ | സംസ്കൃതം നീഘണ്ടു | |
| 3 | വായനാലോകം - കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | • തെരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം സീരിയസ്സും ആദ്യത്തെ 5 മിനിറ്റ് ഒരു കുട്ടി ഒരു പുസ്തകത്തിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച പേജ് പുസ്തകങ്ങൾ അടയാളപ്പെടുത്തുക.<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപകൻ / അധ്യാപിക |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 4 | കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | • ക്ലബ്ബ് രൂപീകരണം<br>• പഠനോപരകരണ നിർമ്മാണം<br>• കലണ്ടർ നിർമ്മാണം<br>• ഗൃഹസന്ദർശനം<br>• പഠനയാത്ര | ജൂൺ- മാർച്ച് | ക്ലാസ്<br>ചാർട്ട്<br>ചിത്രം | റിസോഴ്സ് അധ്യാപകൻ / അധ്യാപിക |
| 5 | മത്സര പരീക്ഷകൾക്ക് തയ്യാറാകൽ | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പർ തയ്യാറാക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപകൻ / അധ്യാപിക |
| 6 | ആസ്വാദന ലോകം<br>ഓരോ കുട്ടിയുടെയും ആസ്വാദന ശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | • നാടകം, ** തുടങ്ങിയവയുടെ വീഡിയോ കാണുന്നതിനുള്ള അവസരം നൽകുന്നു.<br>• എഴുതാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരു തവണ ആസ്വാദന സഭ ചേരുന്നു. ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആവണം. | 5 മാസം | സംസ്കൃത ക്ലാസ് റൂം | റിസോഴ്സ് അധ്യാപകൻ / അധ്യാപിക |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 7 | പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ- മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപകൻ / അധ്യാപിക |
| 8 | ക്ലാസ് റൂം ആകർഷകമാക്കുന്നതിന് | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു | | | |

## മേഖല: അക്കാദമികം - ഹിന്ദി
## യു.പി. വിഭാഗം

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | 5,6,7 ക്ലാസുകളിൽ അക്ഷരബോധം ഉറപ്പിക്കൽ<br>ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക | • പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2 | ഹിന്ദി വായന<br>തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | • നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3 | ഹിന്ദി സംസാരം<br><br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിഎടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കുവാനുള്ള ഭാഷ പരിചയപ്പെടുത്തുക | • ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽതന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും.<br>• വായനയ്ക്ക്- ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. റീഡിംഗ് ഫൈറ്റ് മത്സരവായന. തെറ്റാതെ ആവർത്തിക്കാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. കുട്ടികൾക്ക് വായനക്ക് വേണ്ടി സ്കൂൾ ചാനൽ ആരംഭിച്ചു. | | | |

# മേഖല: അക്കാദമികം - അടിസ്ഥാന ശാസ്ത്രം
## യു.പി. വിഭാഗം

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി അവബോധം വളർത്തുക | • ദിനാചരണങ്ങൾ<br>• പരിസ്ഥിതി ദിനാഘോഷ പ്രവർത്തനങ്ങൾ<br>• പരിസ്ഥിതി ദിന ക്വിസ്<br>• പരിസ്ഥിതി ദിന സന്ദേശം<br>• പരിസ്ഥിതി ദിന മുദ്രാവാക്യ ങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്റർ പ്രദർശനം | 1 വർഷം | | |
| 2 | ശാസ്ത്രപഠനശേഷി വർദ്ധിപ്പിക്കുന്നു | • ക്ലാസുകളുടെ രൂപീകരണം<br>• Eco Club<br>• Science Club<br>• Energy Club<br>• Health Club<br>• Jalasree<br>• Language Club | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| 3 | ശാസ്ത്ര പഠനശേഷി വർദ്ധിപ്പിക്കുന്നു | • ശാസ്ത്രപഠനം ലബോറട്ടറി സഹിതം ആയിരിക്കണം.<br>• കുട്ടികൾ നിർമ്മിക്കുന്ന മാതൃക കളും ഉപകരണങ്ങളും ഉൾപ്പെ ടുത്തി ലബോറട്ടറി വിപുലീകരി ക്കും. | 1 വർഷം | | |
| 4 | ചാന്ദ്രദിനാചരണം | • ശാസ്ത്ര സംബന്ധമായ. (ബഹി രാകാശം) പ്രവർത്തനങ്ങളുടെ വീഡിയോ പ്രദർശന ക്വിസ് മത്സരം, പഠനയാത്ര | ഒരു മാസം | | |
| 5 | ലഹരിവിരുദ്ധ ബോധ വൽക്കരണം | • ലഹരിവിരുദ്ധ ബോധവൽക്കര ണവുമായി ബന്ധപ്പെട്ട എക്സൈസ് ഇൻസ്പെക്ടറെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്ലാസ് | ഒരു മാസം | | |
| | ശുചിത്വബോധവൽക്ക രണം | • ശുചിത്വവുമായി ബന്ധപ്പെട്ട പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയെ ഉൾപ്പെടുത്തി ക്കൊണ്ടുള്ള ക്ലാസ് | ഒരു മാസം | | |
| 6 | യൂണിറ്റ് തല അവലോ കനം | • ഓരോ മാസവും പാഠഭാഗങ്ങൾ മുൻനിർത്തിയുള്ള യൂണിറ്റ് ടെസ്റ്റ് | ഒരു വർഷം | | |

| | | | | | |
|---|---|---|---|---|---|
| 7 | ശാസ്ത്രമേളയുടെ തയ്യാറെടുപ്പുകൾ | • ശാസ്ത്രമേളകളുടെ വിജയത്തിനുവേണ്ടി കുട്ടികളെ തയ്യാറാക്കുന്നു.<br>• Still Model<br>• Working Model<br>• Improved Aids<br>• Experiments<br>• Project<br>• Magazine | 3 മാസം | | |
| 8 | പഠനയാത്ര | • പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്രമൂല്യങ്ങൾ മനസ്സിലാക്കുന്നതിന് | ഒരു മാസം | | |

# മേഖല: അക്കാദമികം - സോഷ്യൽ സയൻസ്
## യു.പി. വിഭാഗം

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | • സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ നൽകുന്നു.<br>• അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റി എടുക്കുക | • ഐ.സി.ടി. സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3 | ജനാധിപത്രപരമായ ജീവിതസമീപനം രൂപപ്പെടുത്തുക | ● ഗ്രാമസഭ/ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4 | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ക്രമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. | ● സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5 | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | ● പരിസ്ഥിതി ചർച്ചക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ ഇവ സന്ദർശിച്ച് സർവ്വേ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല: അക്കാദമികം - ഗണിതം
## യു.പി. വിഭാഗം

| നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അടിസ്ഥാനഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുക. | **ഗണിത ശിൽപശാല**<br>• കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ് ഉപയോഗിക്കുന്നു) | ജൂൺ | ഗണിത അധ്യാപകൻ | |
| 2 | രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപശാല**<br>• ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണനിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3 | ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | • വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽവെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും അംഗങ്ങളും | ഗണിത ക്ലബ്ബ് |
| 4 | ഗണിതം മധുരമാക്കൽ | • ഗണിതപാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |
| 5 | ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | • ഗണിതഗ്രാമം<br>• ഗണിതത്തിൽ പ്രവീണ്യമുള്ള അധ്യാപകരെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ 5, 6 തവണ | അധ്യാപകർ<br>ക്ലബ്ബ് ലീഡർ | ഗണിതക്ലബ്ബ് |
| 6 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യത ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യത**<br>• ജ്യാമിതീയ രൂപങ്ങൾ, ചതുഷ് ക്രിയകൾ ടാൻഗ്രാം എളുപ്പത്തിൽ കുട്ടികൾ എങ്ങനെ ചെയ്യണം? | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 7 | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്**<br>• ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്. ആർ.ജി. | |